# തിരുവനന്തപുരം നഗരസഭ

പ്രസിദ്ധീകരണത്തിന് 01.03.2023

## റാബിസ് ഫ്രീ തിരുവനന്തപുരം പദ്ധതിയ്ക്ക് തുടക്കം

തിരുവനന്തപുരം നഗരസഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന റാബിസ് ഫ്രീ തിരുവനന്തപുരം പദ്ധതിയുടെ ഉദ്ഘാടനം മൃഗസംരക്ഷണം, ക്ഷീരവികസനം വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവ്വഹിച്ചു. പദ്ധതിയുടെ ഉദ്ഘാടനവും അതോടൊപ്പം ആയതിലേയ്ക്കുള്ള വാഹനങ്ങളുടെ ഫ്ളാഗ് ഓഫും മന്ത്രി നിർവ്വഹിച്ചു. നഗരസഭാ പരിധിയിലെ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുക, പേവിഷബാധ നിയന്ത്രിക്കുക, തെരുവ് നായ്ക്കളുടെ സെൻസസ്, പേവിഷ പ്രതിരോധ പ്രവർത്തനങ്ങൾ വാക്സിനേഷൻ എന്നിവ ഏകോപിപ്പിച്ചുകൊണ്ടാണ് റാബിസ് ഫ്രീ തിരുവനന്തപുരം പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും നഗരസഭയും കംപാഷൻ ഫോർ ആനിമൽ വെൽഫെയർ അസോസിയേഷൻ, ഇൻഡ്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡ് ഹൈദ്രാബാദ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. മേയർ ആര്യ രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എ.കൗശിഗൻ IAS സ്വാഗതം ആശംസിച്ചു. തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ശർമ്മിള മേരി ജോസഫ് IAS, ഡോ. കെ.ആനന്ദ്കുമാർ, നഗരസഭ സ്ഥിരം സമിതി അദ്ധ്യക്ഷന്മാരായ ആതിര.എൽ.എസ്, എസ്.സലിം, ജിഷ ജോൺ, കൗൺസിലർ ജി.മാധവദാസ്, ഡോ.ഗോപകുമാർ.ആർ.എസ്, മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ, മറ്റ് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

Sd/-
പി.എ.ടു. മേയർ